പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 251 26. 9.11 ൽ മറുപടിയ്ക്ക്

## തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ ജലഗതാഗത പദ്ധതി

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ,
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

മറുപടി

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും
വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | റോഡ് മാർഗ്ഗമുള്ള ചരക്കു ഗതാഗതം കുറയ്ക്കുവാൻ സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ ജലഗതാഗത പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | എ | കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ബി | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം ; | ബി | കേരളത്തിലെ വിവിധ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ജലമാർഗ്ഗം വഴിയുള്ള ചരക്ക് ഗതാഗതവും യാത്രാ സൗകര്യവും മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി പ്രോജക്ട് രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. |
| സി | ഈ രംഗത്തെ വിദഗ്ദ്ധരുമായി ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ ; | (സി) യു (ഡി) യും | 23/7/2011-ൽ കൊച്ചിയിൽ വച്ച് ഈ രംഗത്തെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ഒരു Stake Holders Workshop സംഘടിപ്പിച്ചിരുന്നു. പ്രസ്തുത വർക്ക് ഷോപ്പിൽ ഡിലോയിറ്റ് ടച്ച് തോമാത്സു എന്ന കൺസൾട്ടന്റ് കോസ്റ്റൽ ഷിപ്പിംഗ് പ്രോജക്ടിന്റെ ഫൈനൽ റിപ്പോർട്ട് അവതരിപ്പിക്കുകയും, Stake Holders -ന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുകയും ചെയ്തു. കോസ്റ്റൽ ഷിപ്പിംഗ് വഴി റോഡ് ചരക്ക് ഗതാഗതത്തിന്റെ 20% ജലമാർഗ്ഗത്തിലൂടെ കൈകാര്യം ചെയ്യുവാനും അതുവഴി |
| ഡി | എങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| | | | റോഡ് ഗതാഗതക്കുരുക്ക് കുറയ്ക്കു വാനും സാധിക്കുമെന്ന് വിദഗ്ദ്ധർ അഭി പ്രായപ്പെടുകയുണ്ടായി. |
| ഇ | ഈ പദ്ധതി തയ്യാറാക്കുന്നതിന് കൺസൾ ട്ടൻസിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ ? | ഇ | പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ഫീ 13,23,550/- (പതി മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അൻപത് രൂപ മാത്രം) രൂപ ആണ്. |

സെക്ഷൻ ഓഫീസർ